യിൽ പട്ടിണി നൈരാശ്യംമൂലം ഉണ്ടായവ എത്ര; പ്രണയനൈരാശ്യംമൂലം ഉണ്ടായവ എത്ര; സ്ഥിരബുദ്ധിയില്ലായ്മ മുതലായ മറ്റു കാരണങ്ങൾമൂലം ഉണ്ടായവ എത്ര?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

തിരുവനന്തപുരം ഡിസ്ട്രിക്ടിൽ ൨ ൦ വ്യ-ം, കോട്ടയം ഡിസ്ട്രിക്ടിൽ ൧൫൦-ം, കൊല്ലം ഡിസ്ട്രിക്ടിൽ ൨൨ ൩൨-ം, തിരുവനന്തപുരം ഡിസ്ട്രിക്ടിൽ ൨൫൭-ംകൂടി ആകെ ൫൭൩. ഇതിൽ ൩൭ എണ്ണം പട്ടിണിനൈരാശ്യംമൂലവും, ൧൭ ൦ എണ്ണം പ്രണയനൈരാശ്യംമൂലവും, ൩൩ ൭ എണ്ണം ചിത്തഭ്രമം മുതലായ കാരണങ്ങളാലും ആണ്.

## IRRIGATION OF THE PADDY FIELDS

***1224. [64] Sri. P. K. Krishnankutty Menon:** Will the Hon'ble the Chief Minister be pleased to state.—

whether the agriculturists of Chowarah and neighbouring villages in C. K. Taluk have submitted a scheme for irrigation of the paddy fields in those villages towerds the end of 1950 to the Government and if so, what action the Government has taken on the same?

*Minister for Education, Food and Labour* **(Sri. T. K. Narayana Pillai):** No such scheme was received by Government.

## കടിയിറക്കൽ

*൧൨൩. (വ്യ) ശ്രീ. കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ ദയവു മറുപടി നൽകുമോ.—

(എ) ൧൯ ൫ ൦ നവംബർ ൨൩-ാംതു കൊച്ചി കണയന്നൂർ താലൂക്കിൽ തിരുവാങ്കുളം വില്ലേജിൽ വല്ലയിൽ കുഞ്ഞുണ്ണിനായർ തന്റെ പറമ്പിൽ താമസിച്ചിരുന്ന കറമ്പൻ മായ്യ കാളിയുടെ മക്കളെ ഭീഷോപദ്രവം എല്പിക്കുകയും ടി. കാളിയേയും മക്കളേയും ബലമായി കടിയിറക്കിവിടുകയും ചെയ്തതായും പിന്നീട് വേറൊരുദിവസം അവരുടെ പുര പൊളിച്ചുകളഞ്ഞതായും കാണിച്ചു ൩— ൧൨— ൫൦-ൽ പോലീസ് ഇൻസ്പെക്ടർ ജനറലിനു ഒരു പരാതി കിട്ടിയിട്ടുണ്ടോ;

(ബി) ൨—൨— ൫ ൧-ൽ അതിനെക്കുറിച്ചു പോലീസു് ഇൻസ്പെക്ടർ ജനറൽ അവർകൾക്ക് ഒരു റിമൈൻഡർ ലഭിക്കുകയുണ്ടായിട്ടുണ്ടോ;

(സി) പ്രസ്തുത ആവലാതിയെക്കുറിച്ചു ൧ ൫— ൫— ൨ ൩-ൊ എക്സ് പ്രസ്സിൽ ജനങ്ങൾ വിധിയെഴുതട്ടെ എന്ന തലക്കെട്ടിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഒരു ലേഖനം നവമ്പെന്നിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത മർദ്ദനത്തിൽ പ്രതിഷേധിച്ചു് ൧— ൧൨— ൫ ൦-ൽ തിരുവാംകുളം വില്ലേജിൽ കരിഞ്ഞാമ്പാറ കവലയിൽവെച്ചു് കൂടിയ ഒരു പൊതുമഹായോഗത്തിൽ പാസ്സാക്കിയ പ്രമേയം പോലീസു് ഇൻസ്പെക്ടർ ജനറൽ അവർകൾക്ക് കിട്ടിയിട്ടുണ്ടോ;

(ഇ) ആ ആക്ഷേപങ്ങളെ സംബന്ധിച്ചു് വല്ല നടപടിയും ബഹുമാനപ്പെട്ട ഗവണ്മെന്റോ ഇൻസ്പെക്ടർ ജനറലോ സ്വീകരിക്കയുണ്ടായിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ആ നടപടികളുടെ ഫലമെന്തു്?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) മുതൽ (ഇ) വരെ ഉവ്വ്.

LIBRARY ARCHIVES Kerala Legislative Assembly